തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 23 2018 നവംബർ ലക്കം 11



റോമിൽ നടന്ന സിനഡിൽ
അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ
പരിശുദ്ധ ഫ്രാൻസിസ്സ് മാർപാപ്പാ തിരുമേനിയോടൊപ്പം
(03-10-2018)



റോമിലെ സിനഡിൽ അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമിസ്
കാതോലിക്കാബാവാ തിരുമേനി സംസാരിക്കുന്നു.



പുതുതായി ആരംഭിച്ച പാറശ്ശാല സാന്തോം മലങ്കര ആർട്സ് & സയൻസ് കോളേജിന്റെ
ശിലാസ്ഥാപന കർമ്മം അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനി നിർവ്വഹിക്കുന്നു.
(25 – 10 – 2018, ഇടഞ്ഞി)

മലങ്കര സുറിയാനി കത്തോലിക്കാസഭ

## തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 23 | 2018 നവംബർ | ലക്കം 11

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

**THE SYRO-MALANKARA CATHOLIC CHURCH**

# MAJOR ARCHDIOCESE OF TRIVANDRUM

**BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos &
Major Archbishop of Trivandrum

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695004

Prot. No. CL-TVM 5/2018

22 October 2018

## സർക്കുലർ

ബഹുമാനപ്പെട്ട അച്ചാ, സ്നേഹമുള്ള ഇടവക കമ്മറ്റിയംഗങ്ങളെ, ഇടവകാംഗങ്ങളെ,

മേജർ ആർച്ചുബിഷപ്പ് ഹൗസിൽ നിന്നും സ്നേഹാശംസകൾ!

തിരുവനന്തപുരം മേജർ അതിരൂപതയിൽ നടപ്പിലാക്കി വരുന്ന 'സ്നേഹപൂർവ്വം ഒരു വീട്' പദ്ധതിയുടെ പുരോഗതി ഏവരേയും അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഈ പദ്ധതിയിലൂടെ ഇതുവരെ (01-10-2018) 1632 ഭവനങ്ങൾ നിർമ്മിക്കുവാൻ സാധിച്ചു വെന്നത് ഏവരെയും സന്തോഷപൂർവ്വം അറിയിക്കട്ടെ. ഭവന നിർമ്മാണത്തിന്റെ സമ്പൂർണ്ണ വിവരം ഉടനെ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്. ഭവന നിർമ്മാണ പദ്ധതിയിൽ ഔദാര്യത്തോടെ സഹായിച്ച ഏവരേയും ഹൃദയംഗമായ നന്ദി അറിയിക്കുന്നു. സ്വന്തമായി ഭവനം ലഭിച്ച എല്ലാ കുടുംബങ്ങളോടും ചേർന്ന് കർത്താവിന് കൃതജ്ഞത അർപ്പിക്കുന്നു. പരമകാരുണ്യവാനായ നമ്മുടെ കർത്താവ് 'ഇമ്മാനുവേലായി' എന്നും നമ്മുടെ കൂടെ ഉണ്ടായിരിക്കുമാറാകട്ടെ!

11 വർഷം കഴിയുമ്പോൾ - അതായത് 2030-ൽ മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന് 100 വയസ്സാകും. നാം ശതാബ്ദി ആഘോഷിക്കുമ്പോൾ നമുക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ സ്വന്തമായി ഭവനം ഇല്ലാത്തവരായി ആരും ഉണ്ടാകരുത്

എന്നത് ഹൃദയത്തിൽ നിന്നുള്ള ഒരു വലിയ സ്വപ്നമാണ്. നമ്മുടെ എല്ലാ രൂപതകളും ആത്മാർത്ഥമായി പരിശ്രമിച്ചാൽ ഓരോ രൂപതയിലും ഈ സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ കഴിയും എന്നുതന്നെയാണ് എന്റെ വിശ്വാസം.

തിരുവനന്തപുരം മേജർ അതിരൂപതയിൽ നമ്മുടെ എല്ലാ ഇടവകകളിലും ഭവനം ഇല്ലാത്തവരുടെ സ്ഥിതി വിവരങ്ങൾ ശേഖരിച്ചതനുസരിച്ച് 'സ്നേഹപൂർവ്വം ഒരു വീട്' പദ്ധതി നടന്നു വരികയാണല്ലോ. ഇപ്പോഴും ചുരുക്കമായി എങ്കിലും അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. 2022-ൽ നമ്മുടെ മേജർ അതിരൂപതയ്ക്ക് 90 വയസ്സാകും! 2019 മുതൽ അടുത്ത മൂന്നു വർഷം തീവ്രമായി നാം പരിശ്രമിച്ചാൽ നമ്മുടെ മേജർ അതിരൂപതയിലെ എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി ഭവനം എന്നത് നവതിയുടെ സന്തോഷമായി നമുക്ക് ആഘോഷിക്കുവാൻ കഴിയുമെന്നതിൽ എനിക്ക് ഉറപ്പുണ്ട്.

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഭവനരഹിതർക്ക് നൽകുന്ന സാമ്പത്തിക സഹായം, ഇനിയും സ്വന്തമായി വീടില്ലാത്ത നമ്മുടെ കുടുംബങ്ങൾക്ക് ഉറപ്പായി ലഭിക്കുന്നതിനാവശ്യമായ ആലോചനയും സഹായവും നൽകണമെന്ന് നമ്മുടെ ബഹു. വികാരി അച്ചന്മാരേയും ഇടവക കമ്മറ്റിയംഗങ്ങളെയും MCA, MCYM തുടങ്ങിയ പ്രേഷിത വേദികളുടെ നേതാക്കളെയും ഇടവകയിൽ നിന്നുള്ള പ്രാദേശിക ജനപ്രതിനിധികളെയും രാഷ്ട്രീയ നേതാക്കളെയും സ്നേഹത്തോടെ ഞാൻ ഓർമ്മിപ്പിക്കട്ടെ! ഗവൺമെന്റിന്റെ സഹായത്തോടൊപ്പം മേജർ അതിരൂപതയുടെ സഹായം കൂടെ ലഭിക്കുമ്പോൾ വേഗത്തിലും കാര്യക്ഷമതയിലും വീടുപണി പൂർത്തിയാക്കുവാൻ ഭവനരഹിതരായ കുടുംബങ്ങൾക്ക് കഴിയും. ഓരോ ഇടവകയിലും സത്യസന്ധമായ അന്വേഷണം നടത്തി, വീടില്ലാത്ത എത്ര കുടുംബങ്ങൾ പ്രസ്തുത ഇടവകയിലുണ്ടെന്ന ബഹു. വികാരിയച്ചന്റെ കത്ത് 2018 നവംബർ 25-നു മുൻപ് മേജർ അതിരൂപതയുടെ കേന്ദ്ര ഓഫീസിൽ എത്തിച്ചു കഴിയുമ്പോൾ ആവശ്യമുള്ള അപേക്ഷാ ഫോറങ്ങൾ അവിടെ നിന്ന് ലഭിക്കുന്നതാണ്. നിശ്ചിത ഫോറത്തിൽ അപേക്ഷകൾ പൂരിപ്പിച്ച് 2018 ഡിസംബർ 20-നു മുൻപായി കേന്ദ്ര ഓഫീസിൽ എത്തിക്കേണ്ടതാണ്. ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആവശ്യമുള്ള

വേരിഫിക്കേഷൻ നടത്തി തുടർനടപടികളിലേക്ക് പ്രവേശിക്കുന്നതാണ്. മേജർ അതിരൂപതാ ബുള്ളറ്റിനിലൂടെ ഭവനനിർമ്മാണ സഹായ പദ്ധതിയുടെ വിവരങ്ങൾ യഥാസമയം ഏവരെയും അറിയിക്കുന്നതാണ്. ഈ ഭവന നിർമ്മാണപദ്ധതിയുടെ വിജയത്തിനായി വ്യക്തികളായും കുടുംബമായും ഇടവക യായും പ്രാർത്ഥിക്കണമെന്ന് ഏവരെയും സ്നേഹപൂർവ്വം ഞാൻ ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ മേജർ അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷിക ധ്യാനം 2018 ഒക്ടോബർ 28 മുതൽ നവംബർ 2 വരെ നടക്കുന്നതാണ്. ഏവരും പ്രത്യേകം പ്രാർത്ഥിക്കണമേ. നിങ്ങളെ ഏവരെയും കാരുണ്യവാനായ കർത്താവ് ധാരാളമായി അനുഗ്രഹിക്കട്ടെ!

## 'സ്നേഹപൂർവ്വം ഒരു വീട്' പദ്ധതിയിലെ അപേക്ഷകരും അവരുടെ ബഹു. വികാരിമാരും, ഇടവക കമ്മറ്റിയംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. അപേക്ഷകർ വാസയോഗ്യമായ ഭവനം ഇല്ലാത്തവർ ആയിരിക്കണം.
2. അപേക്ഷകർക്ക് സ്വന്തമായി 2 സെന്റ് സ്ഥലം എങ്കിലും ഉണ്ടായിരിക്കണം.
3. സ്വന്തമായി ഭവനം നിർമ്മിക്കുവാൻ സാമ്പത്തിക ഭദ്രത ഇല്ലാത്തവരായിരിക്കണം.
4. മേജർ അതിരൂപതയുടെ ഭവന നിർമ്മാണ സഹായ പദ്ധതിയിൽ നേരത്തെ സഹായം കിട്ടിയവരായിരിക്കരുത്.
5. ഉണ്ടായിരുന്ന സ്വന്ത ഭവനം മകനോ മകൾക്കോ നൽകി ഭവന രഹിതരായി അപേക്ഷിക്കുന്നത് പരിഗണിക്കുന്നതല്ല.
6. മേജർ അതിരൂപതയുടെ /ഇടവകയുടെ /പ്രേഷിത വേദികളുടെ / ആത്മീയ സംഘടനകളുടെ സഹായത്താൽ നിർമ്മിച്ച ഭവനം വിൽക്കുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്തവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല.

7. ഭവന നിർമ്മാണ പദ്ധതിയിൽ പങ്കാളികളാകുന്നുവെന്ന ഉത്തര വാദിത്വം എടുക്കുന്ന ഇടവകകളിലെ അപേക്ഷകർക്ക് മുൻഗണനന നൽകുന്നതാണ്.

8. അപേക്ഷയിലെ നിബന്ധനകൾക്ക് വിധേയമായി, ഭവന രഹിതരായ എല്ലാവർക്കും അപേക്ഷിക്കാവുന്നതാണ്.

9. കേന്ദ്ര ഓഫീസിൽ നിന്ന് ലഭിക്കുന്ന നിശ്ചിത അപേക്ഷാ ഫാറം പൂരിപ്പിച്ചുള്ള അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളു.

സ്നേഹാശീർവ്വാദങ്ങളോടെ,



✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

---

*N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*

# സഭാ വാർത്തകൾ

## മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദൈവശാസ്ത്ര വിദഗ്ദ്ധരുടെ സംഗമം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സിനഡൽ കമ്മീഷൻ ഫോർ തിയോളജിയുടെ ആഭിമുഖ്യത്തിൽ മലങ്കരയിലെ തിയോളജിയൻസിന്റെ സംഗമം 2018 നവംബർ 15-ന് കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടക്കും. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഈ സംഗമം ഉദ്ഘാടനം ചെയ്യും.

## വൈദികർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ

വൈദികർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന്റെ നേതൃത്വത്തിൽ 2018 ഒക്ടോബർ 1-ാം തീയതി രാവിലെ 9 മണിയ്ക്ക് പട്ടം കാതോലിക്കേറ്റ് സെന്ററിൽ മീറ്റിംഗ് നടന്നു. സുന്നഹദോസ് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഗീവർഗീസ് മാർ മക്കാറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട മീറ്റിംഗിൽ സെക്രട്ടറി റവ. ഫാ. സണ്ണി കാവുവിള, മറ്റ് കമ്മീഷൻ അംഗങ്ങൾ എന്നിവർ പങ്കെടുത്തു. മീറ്റിംഗ് ഉച്ചയ്ക്ക് 1-ന് സമാപിച്ചു.

## സഭാതല സുവിശേഷസംഘം

സഭാതല സുവിശേഷസംഘത്തിന്റെ ആറാം ബാച്ചിന്റെ പരിശീലനപരിപാടി 2018 ഒക്ടോബർ 18, 19, 20 തീയതികളിൽ നടത്തപ്പെട്ടു. 18-ാം തീയതി രാവിലെ 6.30-ന് മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി വി. കുർബാനയർപ്പിച്ചു. റവ. ഡോ. ആന്റണി കാക്കനാട്ട്, റവ. ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി., റവ. സി. ഹൃദ്യ എസ്.ഐ.സി.,

റവ. സി. മേരി പ്രസാദ് ഡി.എം., റവ. സി. സോഫിയ പോൾ ഡി.എം. എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## സാമൂഹ്യസേവനത്തിനും ദളിത് ക്രൈസ്തവർക്കും വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ

സാമൂഹ്യസേവനത്തിനും ദളിത് ക്രൈസ്തവർക്കും വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന്റെ നേതൃത്വത്തിൽ 2018 ഒക്ടോബർ 25-ാം തീയതി രാവിലെ 9 മണിയ്ക്ക് പട്ടം കാതോലിക്കേറ്റ് സെന്ററിൽ മീറ്റിംഗ് നടന്നു. സുന്നഹദോസ് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട മീറ്റിംഗിൽ സെക്രട്ടറി റവ. ഫാ. ഗീവർഗീസ് നെടുംപുറത്ത് ഉൾപ്പെടെ 18 അംഗങ്ങൾ പങ്കെടുത്തു. മീറ്റിംഗ് വൈകുന്നേരം 4 മണിക്ക് സമാപിച്ചു.

## ഡീക്കന്മാർക്കുവേണ്ടിയുള്ള പാസ്റ്ററൽ ട്രെയിനിംഗ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കന്മാർക്കുവേണ്ടിയുള്ള 2018-19 അദ്ധ്യയനവർഷത്തിലെ പാസ്റ്ററൽ ട്രെയിനിംഗ് 2018 ഒക്ടോബർ 28 മുതൽ നവംബർ 3 വരെ തിരുവനന്തപുരം, പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്നു. ഒക്ടോബർ 28, ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് കൂരിയാ ബിഷപ്പ് അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി ആമുഖസന്ദേശം നൽകി പാസ്റ്ററൽ ട്രെയിനിംഗ് ഒദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

അഭിവന്ദ്യരായ വിൻസെന്റ് മാർ പൗലോസ്, ജോഷ്വാ മാർ ഇഗ്നാത്തിയോസ് എന്നീ തിരുമേനിമാരും റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്ക്കോപ്പാ, റൈറ്റ് റവ. മോൺ. ജോസ് കോന്നാത്തുവിള എന്നിവരും വിവിധ ദിവസങ്ങളിൽ വി.

കുർബാനയർപ്പിച്ചു. അഭിവന്ദ്യരായ തോമസ് മാർ കൂറിലോസ്, തോമസ് മാർ അന്തോണിയോസ് എന്നീ തിരുമേനിമാരും, മോൺ. ജോൺസൺ കൈമലയിൽ, ശ്രീ. ജേക്കബ് പുന്നൂസ് IPS, ഡോ. ബാബു ജേക്കബ് IAS, ശ്രീ. ജോൺ മത്തായി IAS, ശ്രീ. ബോബി എബ്രഹാം, ഡോ. ജെയിംസ് വടക്കുഞ്ചേരി, റവ. ഡോ. വർഗീസ് മനയ്ക്കലേട്ട്, റവ. ഡോ. ഐസക് പറപ്പള്ളിൽ, റവ. ഡോ. മാത്യു കരൂർ, റവ. ഡോ. ആന്റണി കാക്കനാട്ട് എന്നിവരും സഭയുടെ വിവിധ പ്രേഷിതമേഖലകളിൽ ശുശ്രൂഷ ചെയ്യുന്ന വൈദികർ, സന്യ സ്തർ, സാമൂഹിക-സാസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രഗത്ഭരായ വ്യക്തികൾ എന്നിവരും വിവിധ വിഷയങ്ങളെക്കു റിച്ച് ക്ലാസുകൾ നൽകി.

നവംബർ 3-ന് അത്യഭിവന്ദ്യ മോറാൻ മോർ ബസേലി യോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ സമാപന സന്ദേശം നൽകി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## വൈദികധ്യാനം പാലാ അൽഫോൺസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നു

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികരുടെ ധ്യാനം 2018 ഒക്ടോബർ 28 മുതൽ നവംബർ 2 വരെ പാലാ സെന്റ് അൽഫോൺസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയും പോട്ട ഡിവൈൻ ധ്യാനകേന്ദ്രത്തിലെ റവ. ഫാ. മാത്യു നായിക്കാംപറമ്പിലും മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികരും ധ്യാനത്തിൽ സംബന്ധിച്ചു. തിരുവനന്തപുരം മൗണ്ട് കാർമ്മൽ മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ ധ്യാനം നയിച്ചു.

## വൈദിക സംഗമം

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. വൈദികരുടെ സംഗമം 2018 ഡിസംബർ 10-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് നടക്കും. രാവിലെ 10.00-ന് ആരംഭിച്ച് വൈകുന്നേരം 4.00 വരെ ആയിരിക്കും ഈ സമ്മേളനം.

## മാർ ഗ്രിഗോറിയോസ് ജൂബിലി ഓഡിറ്റോറിയത്തിന്റെയും ഹൈടെക് ക്ലാസ്സ്റൂമുകളുടെയും ഉദ്ഘാടനം

പട്ടം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിലെ നവീകരിച്ച മാർ ഗ്രിഗോറിയോസ് ജൂബിലി ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനം 2018 ഒക്ടോബർ 1-ന് കേന്ദ്രമന്ത്രി ശ്രീ. അൽഫോൺസ് കണ്ണന്താനം നിർവ്വഹിച്ചു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അദ്ധ്യക്ഷനായിരുന്നു. മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഹൈടെക് ക്ലാസ്സ്റൂമുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ് കരസ്ഥമാക്കിയ സെന്റ് മേരീസ് സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. ജോൺ സി.സി. യെ ഈ സമ്മേളനത്തിൽ വച്ച് അഭിനന്ദിച്ചു.

## ജില്ലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, എക്സിക്യൂട്ടീവ്, സെക്രട്ടറി സമ്മേളനം

സണ്ടേസ്കൂൾ ജില്ലാ ഡയറക്ടേഴ്സിന്റേയും ആനിമേറ്റേഴ്സിന്റേയും ജില്ലാ സെക്രട്ടറിമാരുടേയും അതിഭദ്രാസന എക്സിക്യൂട്ടീവ് അംഗങ്ങളുടേയും സംയുക്തയോഗം നവംബർ 20-ാം തീയതി 10 മണിക്ക് പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ഈ സമ്മേളനത്തിൽ എല്ലാ ജില്ലകളിൽ നിന്നുമുള്ള പ്രതിനിധികൾ സംബന്ധിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

## സെമസ്റ്റർ പരീക്ഷ

2018-2019 അധ്യയന വർഷത്തെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 11-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ അതാത് ഇടവകകളിൽ വച്ച് നടത്തപ്പെടുന്നു. ഉത്തര കടലാസ്സുകൾ മൂല്യനിർണ്ണയം നടത്തി മാർക്കു ലിസ്റ്റ് തയ്യാറാക്കി ഇടവകയിൽ സൂക്ഷിക്കുകയും പ്രൊമോഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം.

## പരീക്ഷാ ചോദ്യപേപ്പർ (പ്രായോഗിക സമീപനങ്ങൾ)

ഈ വരുന്ന സെമസ്റ്റർ പരീക്ഷ മുതൽ 5 മാർക്ക് (5/50) കുട്ടികൾ ഇടവകയിൽ പങ്കെടുത്തിട്ടുള്ള വിശ്വാസ സംബന്ധമായ പ്രായോഗിക പ്രവർത്തനങ്ങൾക്ക് മൂല്യനിർണ്ണയം ചെയ്യാവുന്ന വിധത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. അധ്യാപകർ ഇത് ശ്രദ്ധിക്കുമല്ലോ.

## ചോദ്യപേപ്പർ വിതരണം

2018-ലെ ആദ്യ സെമസ്റ്റർ ചോദ്യപേപ്പർ (Questions) ജില്ലാ കേന്ദ്രങ്ങളിൽ നിന്ന് നവംബർ 3-നു ശേഷം കൈപ്പറ്റാവുന്നതാണ്.

# മേജർ അതിഭദ്രാസന അദ്ധ്യാപകസംഗമം (ഹോറേബ് മീറ്റ്)

തീയതി – ഡിസംബർ 8 ശനിയാഴ്ച രാവിലെ 9 മണി മുതൽ
സ്ഥലം – തിരുവനന്തപുരം, പട്ടം സെന്റ് മേരീസ് സ്കൂൾ ഓഡിറ്റോറിയം

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ദൈവാലയങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ മതാദ്ധ്യാപകരേയും പങ്കെടുപ്പിച്ചിട്ടുള്ള അദ്ധ്യാപകസംഗമം 2018 ഡിസംബർ 8 ശനിയാഴ്ച രാവിലെ 9 മണി മുതൽ തിരുവനന്തപുരം, പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് സമ്മേളിക്കുകയാണ്. ഈ സംഗമത്തിൽ സുറിയാനി മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവയും മറ്റു വിശിഷ്ട വ്യക്തികളും പങ്കെടുക്കും. ഇത് പ്രധാന അറിയിപ്പായി കണ്ട് എല്ലാ മതാദ്ധ്യാപകരും പങ്കെടുക്കുന്നതിനു വേണ്ട മുൻ തയ്യാറെടുപ്പുകൾ ഇടവക തലങ്ങളിലും ജില്ലാ തലങ്ങളിലും ഏവരും നടത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

# ദുരിതാശ്വാസ നിധി

ഡിസംബർ 8-ാം തീയതി പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്ന അധ്യാപകസംഗമത്തിൽ വച്ച് മതബോധനപ്രസ്ഥാനത്തിന്റെ വകയായുള്ള ദുരിതാശ്വാസ നിധി അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയെ ഏല്പിക്കേണ്ടതാണ്. ആയതിനാൽ ഓരോ ഇടവകകളിൽ നിന്നുമുള്ള വിഹിതം അതാത് വൈദികജില്ലയിലെ സണ്ടേസ്കൂൾ ഡയറക്ടറെ എത്രയും വേഗം ഏല്പിക്കുകയും ജില്ലയിൽ നിന്ന് ഒരുമിച്ച് ഡിസംബർ ഒന്നിനു മുമ്പായി അതിഭദ്രാസന കാര്യാലയത്തിൽ ഏല്പിക്കുകയും ചെയ്യണമെ.

# പ്രത്യേക ശ്രദ്ധയ്ക്ക്

വിശ്വാസപരിശീലന ശുശ്രൂഷയിൽ 25, 50 എന്നീ വർഷങ്ങൾ പൂർത്തിയാക്കിയവരും മുമ്പ് ആദരവ് ലഭിക്കാത്ത അധ്യാപകരുടെയും ലിസ്റ്റ് അതാത് ജില്ലാ കേന്ദ്രങ്ങളിൽ നിന്ന് സെക്രട്ടറിമാർ അതിരൂപതാ കാര്യാലയത്തിൽ അടിയന്തര പ്രാധാന്യത്തോടെ എത്തിക്കേണ്ടതാണ്. അങ്ങനെയുള്ളവരെ ഡിസംബറിൽ നടക്കുന്ന അധ്യാപക സംഗമത്തിൽ ആദരിക്കുന്നതാണ്.

## ജീവനം – വിതരണോദ്ഘാടനം

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പ്രളയബാധിതരായി ദുരിതത്തിൽ കഴിയുന്ന 100 കുടുംബങ്ങൾക്ക് പ്രതിമാസം 2500/– രൂപാ വീതം ഒരു വർഷത്തേക്ക് നൽകുന്ന 'ജീവനം' പദ്ധതിയുടെ വിതരണോദ്ഘാടനം നടത്തപ്പെട്ടു. 2018 ഒക്ടോബർ മാസം 20–ാം തീയതി കായംകുളം ചേതനയിൽ വച്ച് മാവേലിക്കര രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ അധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറാൾ റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. മേജർ അതിഭദ്രാസന പ്രൊക്യുറേറ്റർ വെരി റവ. ഫാ. തോമസ് കയ്യാലയ്ക്കൽ, ചേതന സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ലൂക്കോസ് കണ്ണിമേലിൽ, എം.സി. വൈ.എം. മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് കിഴക്കേക്കര, അസി. ഡയറക്ടർ റവ. ഫാ. അരുൺ ഏറത്ത്, പ്രസിഡന്റ് ജിത്ത്ജോൺ ഫ്രാൻസിസ്, പത്തനംതിട്ട രൂപതാ എം.സി. വൈ.എം. പ്രസിഡന്റ് ജോബിൻ ഈനോസ് എന്നിവർ യോഗത്തിൽ പ്രസംഗിച്ചു. പ്രളയബാധിത പ്രദേശത്തെ ദുരിതമനുഭവിക്കുന്ന കുടുംബാംഗങ്ങളും യുവജനങ്ങളും ഇതിൽ പങ്കുചേർന്നു.

## ജപമാല മാസാചരണം

ജപമാല മാസാചരണവുമായി ബന്ധപ്പെട്ട് യുവതീ യുവാക്കളിൽ ദൈവമാതാവിന്റെ ചൈതന്യം പകരുന്നതിനുവേണ്ടി പരിശുദ്ധ കന്യകമറിയാമിന്റെ ചിന്തകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധ പോസ്റ്ററുകൾ ഓരോ ദിവസവും തയ്യാറാക്കി വിവിധ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നു.

# കുടുംബ പ്രേഷിത കാര്യാലയം

## വിവാഹ ഒരുക്ക സെമിനാർ

| | | |
|---|---|---|
| 2018 നവംബർ 9, 10, 11 | - | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |
| 2018 ഡിസംബർ 7, 8, 9 | - | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |

# Major Archieparchial Tribunal News

| Prot.No. | Petitioner/Respondent | Decision | Date |
|---|---|---|---|
| MAET-365/18 | Rejoy Robert/ Sheethal Susan Jacob | Affirmative | 28/09/2018 |
| MAET-369/18 | Pinky Mariam Alex/ Biju Thomas | Affirmative | 28/09/2018 |

## ഗാന്ധിജയന്തി

ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 സമുചിതമായി ശുചിത്വദിനമായി ആചരിച്ചു. എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ഗവ. ആയുർവേദ ആശുപത്രിയും പരിസരവും വൃത്തിയാക്കി. DDU- GKY പദ്ധതിയിലെ 150 പഠിതാക്കളും, അദ്ധ്യാപകരും, സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു.

## SLF പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

ഒക്ടോബർ 2-ാം തീയതിയും 3-ാം തീയതിയും SLF പദ്ധതിയുടെ പ്രവർത്തന വിലയിരുത്തൽ നടന്നു. CHAI ഹൈദ്രാബാദിൽ നിന്നും പ്രോജക്ട് മാനേജർ ശ്രീ. രാജും, അക്കൗണ്ട് ഓഫീസർ ശ്രീ. രാജശേഖരനും വിലയിരുത്തലിന് നേതൃത്വം നല്കി, തുടർപ്രവർത്തനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകി.

## സ്റ്റാഫ് മീറ്റിംഗ്

3-10-2018 2 മണിക്ക് എം.എസ്സ്.എസ്സ്.എസ്സ്. സ്റ്റാഫ് മീറ്റിംഗ് റവ. ഫാ. തോമസ് മുകളുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ നടന്നു. നിലവിൽ ഉള്ള പദ്ധതികളുടെ അവലോകനവും ഓരോ മാസവും നടത്തേണ്ട പരിപാടികളും പദ്ധതികളും സംബന്ധിച്ച് പ്ലാനിംഗും നടത്തി. ശ്രീ. ബിജോയ് ജോസഫ് ചീഫ് പ്രോഗ്രാം കോ- ഓർഡിനേറ്റർ അവലോകത്തിനും പ്ലാനിംഗിനും നേതൃത്വം നൽകി.

## SAFP ഹൗസിംഗ്

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ നേതൃത്വത്തിൽ നടന്നു വരുന്ന ഹൗസിംഗ് പദ്ധതിയുടെ മീറ്റിംഗ് ഒക്ടോബർ 4-ാം തീയതി

എറണാകുളത്തു വച്ചു നടന്നു. എം.എസ്സ്.എസ്സ്.എസ്സ്. നെ പ്രതിനിധീകരിച്ച് റവ. ഫാ. തോമസ് മുകളുംപുറത്ത് പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു. എം.എസ്സ്.എസ്സ്.എസ്സ്. ന് 25 വീടുകളുടെ നിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ചുകിട്ടി.

## കാരിത്താസ് ഇൻഡ്യ മീറ്റിംഗ്

6-10-2018 ൽ എറണാകുളത്തു വച്ചു കാരിത്താസ് ഇൻഡ്യ സംഘടിപ്പിച്ച പ്രളയ ദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ അവലോകന മീറ്റിംഗിൽ എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് പങ്കെടുത്തു.

## DDU- GKY പ്രവർത്തന അവലോകനം

ഒക്ടോബർ 10-ാം തീയതി DDU- GKY പദ്ധതിയുടെ പ്രവർത്തന പുരോഗതിയുടെ അവലോകന മീറ്റിംഗ് സ്രോതസ്സിൽ വച്ചു നടത്തി. തുടർന്നുള്ള ബാച്ചുകളുടെ പ്ലാനിംഗ് നടത്തി തീരുമാനങ്ങൾ എടുത്തു.

## ഡയറക്ടേസ് മീറ്റിംഗ്

17-10-2018 ൽ കാരിത്താസ് ഇൻഡ്യ ബാംഗ്ലൂരിൽ വച്ചു സംഘടിപ്പിച്ച രൂപതാതല ഡയറക്ടർമാരുടെ മീറ്റിംഗിൽ എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് പങ്കെടുത്തു.

## സ്റ്റാഫ് മീറ്റിംഗ്

ഒക്ടോബർ മാസത്തെ സ്റ്റാഫ് മീറ്റിംഗ് 24-10-2018 ൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടന്നു. പ്രസ്തുത മീറ്റിംഗിൽ എല്ലാ സ്റ്റാഫ് അംഗങ്ങളും അവരുടെ പ്രവർത്തന റിപ്പോർട്ടും, അടുത്ത മാസത്തെ പ്ലാനിംഗും അവതരിപ്പിച്ചു. എല്ലാ പദ്ധതികളുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുവാനാവശ്യമായ നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു.

## സിനഡൽ കമ്മീഷൻ മീറ്റിംഗ്

25-10-2018 ൽ കാതോലിക്കേറ്റ് സെന്ററിൽ നടന്ന സിനഡ് കമ്മീഷൻ മീറ്റിംഗിൽ എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് പങ്കെടുത്തു.

## SAFP കുടുംബ പദ്ധതി

SAFP കുടുംബ പദ്ധതിയിൽ നിന്നും ഒക്ടോബർ 25-ാം തീയതി വിവിധ തൊഴിൽ പദ്ധതികൾക്കു വേണ്ടി നെടുമങ്ങാട്, പോത്തൻകോട്, അഞ്ചൽ എന്നീ റീജണലിലെ 26 കുടുംബങ്ങൾക്ക് ധനസഹായം നൽകി.

## ബോധവൽക്കരണ സെമിനാർ

DDU- GKY പഠിതാക്കളെ പങ്കെടുപ്പിച്ചു കൊണ്ട് സൈബർ കുറ്റകൃത്യങ്ങളെകുറിച്ച് ഒരു ബോധവൽക്കരണ പരിപാടി 26-10-2018 ൽ എം.എസ്സ്.എസ്സ്.എസ്സ്. ആഡിറ്റോറിയത്തിൽ നടന്നു. പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും DYSP ശ്രീ. കൃഷ്ണൻ പോറ്റി ക്ലാസ് നയിച്ചു.

## DDU- GKY മീറ്റിംഗ്

26-10-2018 ൽ എറണാകുളത്തു വച്ചു നടന്ന DDU - GKY പദ്ധതിയുടെ നിർവ്വഹണ ഏജൻസികളിലെ Quality Team Head Meeting ൽ എം.എസ്സ്എസ്സ്.എസ്സ്. ൽ നിന്നും ശ്രീ. ബിജോയ് ജോസഫ് പങ്കെടുത്തു.

## SLF മീറ്റിംഗ്

SLF പദ്ധതിയുടെ ഡയറക്ടർമാരുടെ ഒരു മീറ്റിംഗ് 27-10-2018 ൽ കോട്ടയത്തു വച്ചു നടന്നു. എം.എസ്സ്.എസ്സ്.എസ്സ്. നെ പ്രതിനിധീകരിച്ച് റവ. ഫാ. തോമസ് മുകളുംപുറത്ത് പങ്കെടുത്തു.

## SAFP - അഞ്ചൽ റീജണൽ മീറ്റിംഗ്

SAFP മീറ്റിംഗ് 27-10-2018 ൽ അഞ്ചൽ വച്ചു നടന്നു. എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത്, ശ്രീ. ബിജോയ് ജോസഫ്, ശ്രീ. ജോർജ് ഡാനിയേൽ എന്നിവർ പങ്കെടുത്തു സംസാരിച്ചു.

## സൊസൈറ്റി രൂപീകരണ മീറ്റിംഗ്

ജനകീയ സംഘടനകൾ രൂപീകരിച്ച് എം.എസ്സ്.എസ്സ്.എസ്സ്. ന്റെ പ്രാദേശിക ഘടകങ്ങൾ ശാക്തീകരിക്കുന്നതിന് കൂട്ടുത്തരവാദിത്വ സംഘങ്ങൾ - കോ-ഓപ്പറേറ്റീവ്സ് ആരംഭിക്കുന്നതിന് വേണ്ടി ഇളമാട് എം.എസ്സ്.എസ്സ്.എസ്സ്. യൂണിറ്റ് കേന്ദ്രീകരിച്ച് 27-ാം തീയതി സെമിനാർ നടത്തി. എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത്, ഇളമാട് യൂണിറ്റ് ഡയറക്ടർ ഫാ. ജോഷ്വാ പാറയിൽ, എം.എസ്സ്.എസ്സ്.എസ്സ്. ചീഫ് പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ബിജോയ് ജോസഫ്, പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ജോർജ് ഡാനിയേൽ, ആനിമേറ്റർ ശ്രീ. രാജുമോൻ എന്നിവർ പങ്കെടുത്തു.

## വിവിധ ധന സഹായങ്ങൾ

കുടുംബ സഹായ പദ്ധതിയിൽ 26 കുടുംബങ്ങൾക്ക് 2,94,000 രൂപയും

ഇൻഷുറൻസ് വഴിയുള്ള മരണാനന്തര സഹായമായി 6 കുടുംബങ്ങൾക്ക് 99,365 രുപയും

വൈദ്യ സഹായങ്ങളും, മറ്റു സഹായവുമായി 16,000 രൂപയും നൽകി.

# ആദരാഞ്ജലികൾ

## റവ. സി. മേരി വിൻസെന്റ് ഡി.എം. (82)



മേരീമക്കൾ സന്യാസിനീ സമൂഹം തിരുവനന്തപുരം പ്രൊവിൻസിലെ അംഗമായ **റവ. സി. മേരി വിൻസെന്റ് ഡി.എം. (82)** 2018 ഒക്ടോബർ 17-ന് നിര്യാതയായി. പാലാ, ഇടമറുക്, പൈകട കുടുംബാംഗമാണ്. മാർത്താണ്ഡം, അഞ്ചൽ, പോത്തൻകോട്, ശാന്തി നികേതൻ, ചിരട്ടക്കോണം, കാരയ്ക്കാട്, പോങ്ങുംമൂട് എന്നീ മഠങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അഞ്ചൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ ദീർഘകാലം ഫാർമസിസ്റ്റ് ആയി ശുശ്രൂഷ ചെയ്തു. ശവസംസ്ക്കാര ശുശ്രൂഷകൾ 2018 ഒക്ടോബർ 19-ന് പോങ്ങുംമൂട് പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു.

**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ**

## ഇടയനാളാഗമം

### ഒക്ടോബർ 2018

### (പ്രധാന പരിപാടികൾ)

**ഒക്ടോബർ 1**

പട്ടം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിലെ നവീകരിച്ച ജൂബിലി ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനത്തിലും മികച്ച അധ്യാപകനുള്ള അവാർഡ് നേടിയ റവ. ഫാ. ജോൺ സി.സി. യെ അനുമോദിക്കുന്ന സമ്മേളനത്തിലും സംബന്ധിച്ച് മുഖ്യസന്ദേശം നൽകി.

**ഒക്ടോബർ 2 – 27**

പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ നേതൃത്വത്തിൽ റോമിൽ നടന്ന ആഗോള കത്തോലിക്കാ സഭയിലെ മെത്രാന്മാരുടെ സിനഡിൽ സംബന്ധിച്ചു.

**ഒക്ടോബർ 28**

പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം പരേതയായ ഡോ. ലീലാമ്മ വർക്കിയുടെ ശവസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ഒക്ടോബർ 28 – നവംബർ 2**

മേജർ അതിഭദ്രാസനത്തിന്റെ ബഹു. വൈദികരുടെ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു.

## ജന്മദിനാശംസകൾ

### നവംബർ

10 - റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ
11 - റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ. ഫാ. ഡാനിയേൽ കല്ലുവിള
12 - റവ. ഫാ. സി. സി. ജോൺ ചരിവുപുരയിടത്തിൽ
13 - റവ. ഫാ. ഫിലിപ്പോസ് പെരുമുറ്റത്ത്
15 - റവ. ഫാ. ജോഷ്വാ കൊച്ചുവിളയിൽ
16 - റവ. ഫാ. ഗോഡ്ജോയ് രാജ് ഗോഡ്വിൻകോട്ടേജ്
റവ. ഫാ. മാത്യൂ കല്ലുവിളയത്തിൽ
20 - റവ. ഫാ. തോംസൺ പഴയചിറപീടികയിൽ
24 - റവ. ഫാ. ജേക്കബ് ഇളമ്പള്ളൂർ
29 - റവ. ഫാ. ജോൺസൺ ചരിവുകാലായിൽ

## പ്രാർത്ഥനയിൽ ഓർക്കാം

### നവംബർ

01 - റവ. ഫാ. സാമുവേൽ മൺകാവിൽ
07 - റവ. ഫാ. ഫിലിപ്പ് തോമസ് കൊച്ചുകല്ലിൽ
08 - റവ. ഫാ. ജേക്കബ് ജോൺ
09 - റവ. ഫാ. തോമസ് വടക്കേക്കര
15 - റവ. ഫാ. സാമുവൽ തെങ്ങുവിളയിൽ
- വെരി റവ. അലക്സാണ്ടർ വല്യവീട്ടിൽ കോറെപ്പിസ്കോപ്പ
- റവ. ഫാ. തോമസ് നെരിയാട്ടിൽ
18 - റവ. ഫാ. ഉമ്മൻ അയ്യനേത്ത്
20 - റവ. ഫാ. സക്കറിയാസ് തെക്കേടത്തേ്
23 - റവ. ഫാ. ജേക്കബ് തകിടിയിൽ
- റവ. ഫാ. ജോസഫ് തച്ചേട്ട്
- റവ. ഫാ. മാത്യൂ തേക്കുംകാട്ടിൽ
29 - റവ. ഫാ. മത്തായി മുഞ്ഞനാട്ട്
30 - റവ. ഫാ. മാത്യു കടകംപള്ളിൽ

# സ്മരണീയ ദിനങ്ങൾ

## 2018 നവംബർ

| | | |
|---|---|---|
| 1 | വ്യാഴം | സകല വിശുദ്ധന്മാരുടെയും ഓർമ്മ |
| 3 | ശനി | നിഖ്യായിലെ 318 പിതാക്കൻമാർ |
| | | **അഭിവന്ദ്യ പൗലോസ് മാർ പീലക്സീനോസ് തിരുമേനിയുടെ ഓർമ്മ (1998)** |
| 4 | **ഞായർ** | **കൂദോശ് ഈത്തൊ ഞായർ** (സഭയുടെ വിശുദ്ധീകരണം) |
| | | **ആരാധനക്രമ വത്സരാരംഭം** |
| | | **ശ്ഹീമോ നമസ്കാരത്തിലെ ശുബ്ഹോ – ഒന്നാം കോലോ ഇന്ന് ആരംഭിക്കുന്നു.** |
| 7 | ബുധൻ | മിലിത്തീനിലെ 33 സഹദേൻമാർ |
| 8 | വ്യാഴം | സകല മാലാഖമാർ |
| 9 | വെള്ളി | വി. തിയഡോർ |
| 10 | ശനി | സാമുവൽ നിബിയാ, വി. ലിയോ മാർപാപ്പാ |
| 11 | **ഞായർ** | **ഹൂദോസ് ഈത്തൊ ഞായർ** (സഭയുടെ നവീകരണം) |
| 12 | തിങ്കൾ | അലക്സാൺഡ്രിയായിലെ മാർ യോഹന്നാൻ |
| 13 | ചൊവ്വ | സ്വർണനാവുകാരനായ മാർ ഈവാനിയോസ് |
| | | **അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ നാമഹേതുക തിരുനാൾ** |
| 14 | ബുധൻ | **മാർ ഫീലിപ്പോസ് ശ്ലീഹാ** |
| 15 | വ്യാഴം | വി. ആൽബർട്ട് |
| 16 | വെള്ളി | **മാർ മത്തായി ശ്ലീഹാ** |
| 18 | **ഞായർ** | **സ്കറിയായോടുള്ള അറിയിപ്പ്** |
| | | **സാമൂഹ്യ സമ്പർക്ക മാധ്യമ ദിനം** |
| 21 | ബുധൻ | **വി. ദൈവമാതാവിന്റെ ദൈവാലയ പ്രവേശനം** |
| 22 | വ്യാഴം | മാർ ഫിലെമോൻ; വി. സിസിലിയാ |
| 23 | വെള്ളി | വി. ക്ലെമന്റ് മാർപാപ്പ, വി. ഫെലിസിറ്റ |
| 25 | **ഞായർ** | **വി. ദൈവമാതാവിനോടുള്ള അറിയിപ്പ്** |
| | | ക്രിസ്തുരാജത്വത്തിരുനാൾ (ലത്തീൻ ക്രമം) |
| 28 | ബുധൻ | വി. കത്രീന |
| 29 | വ്യാഴം | സാറൂഗിലെ മാർ യാക്കോബ് |
| 30 | വെള്ളി | **മാർ അന്ത്രയോസ് ശ്ലീഹാ** |

# അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

## നവംബർ 2018

| | | |
|---|---|---|
| 2 | 6.00 pm | മലങ്കര കൺവെൻഷൻ - കത്തീഡ്രൽ |
| 3 | 3.00 pm | കാതോലിക്കേറ്റ് സെന്റർ (പാസ്റ്ററൽ കോഴ്സ്) |
| | 6.00 pm | മലങ്കര കൺവെൻഷൻ |
| 4 | 2.00 pm | കാവടിത്തല |
| 5 | 3.00 pm | മേജർ സെമിനാരി |
| | 4.45 pm | കത്തീഡ്രൽ |
| 6 | | പി.ഒ.സി. |
| 7-8 | | പേപ്പൽ സെമിനാരി, പൂനെ |
| 9 | 7.00 am | പത്തനാപുരം |
| | 2.00 pm | കത്തീഡ്രൽ |
| | 5.30 pm | റിന്യൂവൽ സെന്റർ, നാലാഞ്ചിറ |
| 10 | 11.00 am | കാരിച്ചാൽ |
| | 3.45 pm | കൊച്ചി |
| 11 | 10.00 am | ചങ്ങനാശ്ശേരി |
| | | കൊപ്പം |
| 12 | 11.00 am | കത്തീഡ്രൽ |
| 13 | 9.00 am | പ്രെസ്ബിറ്ററൽ കൗൺസിൽ |
| 14 | | സെന്റ് മേരീസ് സ്കൂൾ, പട്ടം |
| 15 | | മേജർ സെമിനാരി |
| 16 | 9.30 am | മാർ ഗ്രിഗോറിയോസ് ലോ കോളേജ് |
| | 7.00 pm | അഞ്ചൽ കൺവെൻഷൻ |
| 17 | 10.00 am | കത്തീഡ്രൽ |
| | 3.00 pm | സ്നേഹവീട്, നാലാഞ്ചിറ |
| 18 | 7.00 am | മൈലം |
| | 12.00 Noon | അഞ്ചൽ കൺവെൻഷൻ |

| | | |
|---|---|---|
| 19 | 3.00 pm | കാസർഗോഡ് |
| 20 | 9.30 am | പട്ടം |
| 22 | | ബാംഗ്ലൂർ |
| 23 | | പിരപ്പൻകോട് |
| 24 | 9.00 am | മാർ ഗ്രിഗോറിയോസ് ലോ കോളേജ് |
| | 11.00 am | കത്തീഡ്രൽ |
| | 3.30 pm | പെരുമ്പുഴ |
| 25 | 6.30 am | മഞ്ചാടിമുക്ക് |
| | 12.30 pm | കൈതപ്പറമ്പ് |
| | 6.00 pm | വാഴക്കുളം |
| 26 | | ചേറ്റുകുഴി |
| 28 | | മണ്ണന്തല |
| 29 | 11.00 am | ഏനാത്ത് |
| | 4.00 pm | മൈനർ സെമിനാരി |

# നാമഹേതുക തിരുനാളാശംസകൾ



**അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ** (നവംബർ 13)

## ഓർമ്മപ്പെരുന്നാൾ



**ആബൂൻ പൗലോസ്**
**മാർ പീലക്സിനോസ് മെത്രാപ്പോലീത്താ**
(നവംബർ 3)






പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിലെ നവീകരിച്ച ജൂബിലി ഓഡിറ്റോറിയത്തിന്റെയും
ഹൈടെക് ക്ലാസ് റൂമുകളുടെയും ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്ത്
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി സംസാരിക്കുന്നു. (01-10-2018)

From
**Editor**
Major Athibhadrasana Bulleti
Major Archbishop's House
Pattom P.O., Trivandrum - 4

Printed and Published by the Chancellor, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116